പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5847 28.03.2018-ൽ മറുപടിക്ക്

വിദേശമാതൃകയിൽ ട്രോമാകെയർ ശൃംഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദേശമാതൃകയിൽ ട്രോമാകെയർ ശൃംഖല ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് വിദേശ മാതൃകയിൽ ട്രോമാകെയർ ശൃംഖല ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ആരോഗ്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് Capacity Building for Developing Trauma Care Facilities in Government Hospitals along National Highways എന്ന പദ്ധതി പ്രകാരമുള്ള സൗകര്യങ്ങളാണ് സർക്കാർ ആശുപത്രികളിലെ എമർജൻസി ഡിപ്പാർട്ട്മെന്റുകളിൽ ട്രോമാകെയറിനു വേണ്ടി ഒരുക്കുന്നത്.<br>തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ - നാഷണൽ ഹൈവേസ് പ്രകാരമുള്ള നൂതന സജ്ജീകരണങ്ങളോടുകൂടിയ ട്രോമാകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടവും റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് അന്തിമഘട്ടത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 10.21 കോടി രൂപ വകയിരുത്തുകയും, അതിൽ 4.5 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.റ്റി.പി. വഴി 35 കോടി രൂപ ഇതിലേയ്ക്കായി ചിലവഴിക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ ട്രോമാകെയർ ആരംഭിക്കുന്നതിലേയ്ക്കായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>ആലപ്പുഴ മെഡിക്കൽ കോളേജിൽ ട്രോമാകെയർ -ന്റെ പണി ആരംഭിച്ചു. ഇതിലേയ്ക്കായി കേന്ദ്ര സർക്കാർ ആദ്യ ഗഡുവായി 3.675 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായ 21.47 കോടി രൂപ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. ഇവിടെ ലെവൽ 1 നിലവാരമുള്ള ട്രോമാകെയർ സംവിധാനമാണ് നിലവിൽ വരുന്നത്. |
| (ബി) | എങ്കിൽ ആരാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്; നിർദ്ദേശങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ; ഈ നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? | | |

| | | | |
|---|---|---|---|
| | | | കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന് 20.23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം പൂർത്തീകരിച്ചു. 7.55 കോടി രൂപയുടെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് ആദ്യഘട്ടവും, 7.04 കോടി രൂപ ഉപയോഗിച്ചുള്ള രണ്ടാം ഘട്ട പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.<br>കോട്ടയം മെഡിക്കൽ കോളേജിലെ ട്രോമാകെയർ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യ ഘട്ടമായി 27.5 കോടി രൂപയും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി 16.25 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ താഴത്തെ നിലയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനങ്ങൾ തുടങ്ങാൻ തീരുമാനിച്ചു.<br>പാരിപ്പള്ളി മെഡിക്കൽ കോളേജിലും പുതിയ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**